നിയമനത്തിന് 22 ഒഴിവുകളും ബൈട്രാൻസ്ഫർവഴി യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും 4 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ നേരിട്ട് നിയമനത്തിനുള്ള 22 ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ലഭിച്ച മുറയ്ക്ക് വകുപ്പിൽനിന്നും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എൻ.ജെ.ഡി. ഒഴിവുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി.-യെ കൃത്യമായി അറിയിക്കുന്നതാണ്.

ഫ്ലെയർ പദ്ധതി

50(2905) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവ്വകലാശാലകളിലും പുതുതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപക പരിശീലനവും അദ്ധ്യാപനത്തിലും റിസർച്ചിലും മികച്ച ദേശീയ അന്തർദ്ദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും പദ്ധതി പ്രകാരം നൽകുന്നു. ആരംഭ വർഷത്തിൽ (2013-14) ഇതിന്റെ പ്രയോജനം സർക്കാർ കോളേജുകൾക്കും അഞ്ച് സർവ്വകലാശാലകൾക്കുമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ 2014-15 വർഷത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തിൽ താഴെ സർവ്വീസിലുള്ള ഇനിയും 20 വർഷം സർവ്വീസിലുള്ളവരുമായ യുവ അദ്ധ്യാപകരെയാണ് ഫ്ലെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. അദ്ധ്യാപക ഗവേഷണ മേഖലകളിലെ പുത്തൻ പ്രവണതകൾ പരിചയപ്പെടുത്താനായിട്ടുള്ള പരിശീലനങ്ങളാണ് മുഖ്യമായും നൽകുന്നത്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും

LIBRARY ARCHIVES Kerala Legislative Assembly

നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രചോദനം നൽകുവാനും പദ്ധതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫ്ലെയർ ഇന്റേൺഷിപ്പ് പ്രകാരം യുവ അദ്ധ്യാപകർക്ക് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിലെ അദ്ധ്യാപകരോടൊപ്പം പ്രവർത്തിച്ച് അവരുടെ അനുഭവം പങ്കിടാനുള്ള അവസരം ലഭിക്കുന്നു. പ്രമുഖ അദ്ധ്യാപകരുടെ ക്ലാസുകൾ വീക്ഷിക്കാനുള്ള അവസരം അവരുടെ ലാബോറട്ടറികളിൽ പ്രവർത്തിക്കാനുള്ള അവസരം എന്നിവയും ലഭിക്കുന്നു. കോളേജുകളിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകാനായി. 'ഫ്ലെയർ ഫോർ റിസർച്ച്' എന്ന പദ്ധതിയും ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു.

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്നു. അക്കാഡമിക് പരിശീലനം ത്വരപ്പെടുത്താനും അത് നൽകുവാനുമായി ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. എൻ. ജെ. റാവുവിന്റെ നേതൃത്വത്തിൽ ഒൻപതു പേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ഈ പരിപാടിക്കായി നടപ്പ് സാമ്പത്തിക വർഷം 2.12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

മാതൃകാ സ്കൂൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്

51(2906) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ മാതൃകാ സ്കൂൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ മാതൃകാ സ്കൂളുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) മങ്കട നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഏത് സ്കൂളാണ് മാതൃകാ സ്കൂളായി അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്നത്, വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനുള്ള 'പ്രിസം പദ്ധതി' സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആയതിനായി ഫണ്ട് ശേഖരണം സംബന്ധിച്ചും ഗവേർണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly